## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6164** **20.11.2019 ൽ മറുപടിയ്ക്ക്**

**<u>മലയോര ഹൈവേ</u>**

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മലയോര മേഖലയിൽ കൂടി കടന്നു പോകുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിന് മുഖ്യ തടസ്സമായി നിൽക്കുന്നത് വനഭൂമി വിട്ടു നൽകുന്നതിനുള്ള തടസ്സമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനഭൂമി വിട്ടുകിട്ടുന്നതിനായി ബന്ധപ്പെട്ട യൂസർ ഏജൻസി ഓൺലൈനായി അപേക്ഷിച്ച് 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. പരിഹാര വനവൽക്കരണത്തിനായി തത്തുല്യമായ വനേതരഭൂമിയും യൂസർ ഏജൻസി വനം വകുപ്പിനെ ഏല്പിക്കേണ്ടതും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. എന്നാൽ ഇതേവരെ പരിഹാരവനവൽക്കരണത്തിനായി തത്തുല്യമായ ഭൂമി കണ്ടെത്തി വനം വകുപ്പിനെ ഏല്പിക്കുന്നതിന് യൂസർ ഏജൻസി ശ്രമിച്ചിട്ടില്ലാത്തതാണ്. |
| (ബി) | മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം നിൽക്കുന്ന വനം വകുപ്പിന്റെ കടുംപിടുത്തം അവസാനിപ്പിച്ച് പണി പൂർത്തിയാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | വനം വനേതരാവശ്യങ്ങൾക്ക് വിട്ടു നൽകുന്നതിന് ഭാരത സർക്കാരിന്റെ വന (സംരക്ഷ) നിയമം 1980 പ്രകാരം നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മുതൽ കാസറഗോഡ് ജില്ലയിലെ നന്ദാരപടവ് വരെ നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 66.20 ഹെക്ടർ വനഭൂമി വകമാറ്റേണ്ടി വരുമെന്ന് പൊതുമരാമത്ത് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ആയതിൽ 38.342 ഹെക്ടർ വനഭൂമി വിട്ടു കിട്ടുന്നതിനായി 12 പ്രൊപ്പോസലുകൾ ഭാരത സർക്കാരിന്റെ www.parivesh.nic.in എന്ന വെബ് പോർട്ടലിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായ വനമേഖലയിൽ ഭാരത സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി [Hand Book 2019 Para 2.2(iii)] ഒന്നിലധികം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതിൽ ന്യൂനതകൾ പരിഹരിച്ച് പ്രൊപ്പോസൽ തിരികെ സമർപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ 12 പ്രൊപ്പോസലുകളിൽ ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിച്ച 2 പ്രൊപ്പോസലുകളിൽ വന (സംരക്ഷണ) നിയമം 1980 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആവശ്യമായ തിരുത്തലുകൾ പ്രൊപ്പോസലിൽ വരുത്തി, ന്യൂനതകൾ പരിഹരിച്ച പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ